**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 577** **02-02-2023 - ൽ മറുപടിയ്ക്ക്**

**ജി .എസ്. ടി. വരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീമതി ഉമ തോമസ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. ടി. ജെ. വിനോദ്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ജി.എസ്.ടി. മുഖേനയുള്ള വരുമാനം വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തിന്റെ ജി.എസ്.ടി. വരുമാനം വർധിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. നികുതി വെട്ടിപ്പ് കാര്യക്ഷമമായി തടയുന്നതിനും നികുതി പിരിവ് ഊർജിതമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ജി.എസ്.ടി. റിട്ടേണുകൾ വിശദമായ സ്ക്രൂട്ടിനി നടത്തി വ്യാപാരികൾ പിരിച്ചെടുത്ത നികുതി പൂർണമായും സർക്കാരിലേക്ക് അടപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ജി.എസ്.ടി. യുമായി ബന്ധപ്പെട്ട ഡാറ്റ തത്സമയം കൃത്യമായി ലഭിക്കുന്നതിലേക്കായി ജി.എസ്.ടി.എൻ. വികസിപ്പിച്ചെടുത്ത സോഫ്റ്റ്‌വെയർ സംവിധാനത്തിലേക്ക് വകുപ്പ് പൂർണമായും മാറുകയുണ്ടായി. റിട്ടേണുകളുടെ സൂക്ഷ്മ പരിശോധന, മൂല്യ നിർണ്ണയം, ഓഡിറ്റ്, അപ്പീൽ, എൻഫോഴ്സ്മെന്റ് റീഫണ്ട് തുടങ്ങിയ ബാക്കെൻഡ് ഫംഗ്ഷനുകൾക്കായി ഉദ്യോഗസ്ഥർ ഈ സംവിധാനം ഉപയോഗിക്കുന്നതാണ്. ജി.എസ്. ടി. നിയമത്തിനനുസൃതമായി സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി വകുപ്പിന്റെ പുനഃസംഘടന ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി ഓൺലൈൻ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും മെച്ചപ്പെട്ട പരിശീലനം നല്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുകൂടാതെ പൊതു ജനങ്ങളെ കൂടി ഉൾപ്പെടുത്തി കൊണ്ട് നികുതി ചോർച്ച തടയുന്നതിനുള്ള പദ്ധതികളും സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. ജി.എസ്.ടിക്കു മുൻപുള്ള |

| | | | |
|---|---|---|---|
| | | | നിയമങ്ങളിന്മേലുള്ള നികുതി കുടിശ്ശിക പിരിക്കുന്നതിനായി ആംനസ്റ്റി പദ്ധതികളും സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | പരിശീലനം നേടിയ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ജി.എസ്.ടി. ഓഡിറ്റ് സംവിധാനം കുറ്റമറ്റതാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ജി.എസ്.ടി. നിയമത്തിൽ നികുതി പിരിവ് ഏറ്റവും കാര്യക്ഷമമായി ഉറപ്പുവരുത്തുന്നത് ഓഡിറ്റ് സംവിധാനമാണ്. വകുപ്പിന്റെ പുനഃ സംഘടനയിൽ ജി.എസ്.ടി. നിയമപ്രകാരമുള്ള ഓഡിറ്റിന് വലിയ പ്രാധാന്യം നൽകിയിട്ടുണ്ട്. ഉദ്യോഗസ്ഥർക്ക് അതിനു വേണ്ട പരിശീലന പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. വിദഗ്ധരുടെ സഹായത്തോടെ വിശദമായ പരിശീലനത്തിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ജി. എസ്. ടി. സമ്പ്രദായത്തിൽ നികുതി പിരിവിനായി പുതിയ സർവീസ് മേഖലകൾ തുറന്നു തന്നിട്ടും അത് ഉപയോഗപ്പെടുത്താൻ തയ്യാറായിട്ടില്ല എന്നത് വസ്തുതയാണോ; | (സി) | സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിനെ സംബന്ധിച്ച് സേവന മേഖല ഒരു പുതിയ മേഖല ആണെങ്കിലും ടി മേഖലയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനങ്ങൾ നൽകുകയും ഇതുവഴി സേവന മേഖലയിലെ നികുതി പിരിവുമായി ബന്ധപ്പെട്ട് കാര്യക്ഷമമായ പ്രവർത്തനം നടത്തുന്നതിന് വകുപ്പിനെ പ്രാപ്തമാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. വകുപ്പിലെ ഇൻവെസ്റ്റിഗേഷൻ വിഭാഗം ഈ മേഖലയിൽ വലിയ രീതിയിലുള്ള നികുതി വെട്ടിപ്പുകൾ കണ്ടെത്തി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | സർവീസ് മേഖലയിൽ നിന്നും നികുതി പിരിവ് കൂടുതൽ കാര്യക്ഷമമാക്കാൻ പദ്ധതികൾ ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | സർവീസ് മേഖലയുമായി ബന്ധപ്പെട്ട് നികുതി വെട്ടിപ്പ് തടയുന്നതിനായി വകുപ്പിലെ ഇൻവെസ്റ്റിഗേഷൻ വിഭാഗം കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇന്റലിജൻസ്, ഓഡിറ്റ് വിഭാഗങ്ങൾ ശക്തിപ്പെടുത്തിയും ഉദ്യോഗസ്ഥർക്ക് കൂടുതൽ വിശദമായ പരിശീലനം നൽകിയും ഈ മേഖലയിൽ നിന്നുള്ള നികുതി വരുമാനം വർധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 577 02.02.2023 ൽ മറുപടിനൽകേണ്ടത്.**

**ജി .എസ്. ടി. വരുമാനം**

| ചോദ്യം<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീമതി. ഉമ തോമസ്<br>ശ്രീ. സനീഷ്കുമാർ ജോസഫ്<br>ശ്രീ. ടി. ജെ. വിനോദ് | | മറുപടി<br>ശ്രീ.കെ.എൻ.ബാലഗോപാൽ<br>(ധനകാര്യ വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ജി.എസ്.ടി. മുഖേനയുള്ള വരുമാനം വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തിന്റെ ജി.എസ്.ടി. വരുമാനം വർധിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. നികുതി വെട്ടിപ്പ് കാര്യക്ഷമമായി തടയുന്നതിനും നികുതി പിരിവ് ഊർജിതമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ജി.എസ്.ടി. റിട്ടേണുകൾ വിശദമായ സ്ക്രൂട്ടിനി നടത്തി വ്യാപാരികൾ പിരിച്ചെടുത്ത നികുതി പൂർണമായും സർക്കാരിലേക്ക് അടപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ജി.എസ്.ടി. യുമായി ബന്ധപ്പെട്ട ഡാറ്റ തത്സമയം കൃത്യമായി ലഭിക്കുന്നതിലേക്കായി ജി.എസ്.ടി.എൻ. വികസിപ്പിച്ചെടുത്ത സോഫ്റ്റ്‌വെയർ സംവിധാനത്തിലേക്ക് വകുപ്പ് പൂർണമായും മാറുകയുണ്ടായി. റിട്ടേണുകളുടെ സൂക്ഷ്മ പരിശോധന, മൂല്യനിർണ്ണയം, ഓഡിറ്റ്, അപ്പീൽ, എൻഫോഴ്സ്മെന്റ് റീഫണ്ട് തുടങ്ങിയ ബാക്കെൻഡ് ഫംഗ്ഷനുകൾക്കായി ഉദ്യോഗസ്ഥർ ഈ സംവിധാനം ഉപയോഗിക്കുന്നതാണ്. ജി.എസ്. |

| | | | |
|---|---|---|---|
| | | | ടി. നിയമത്തിനനുസൃതമായി സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി വകുപ്പിന്റെ പുനഃസംഘടന ഉൾപ്പടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി ഓൺലൈൻ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും മെച്ചപ്പെട്ട പരിശീലനം നല്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുകൂടാതെ പൊതു ജനങ്ങളെ കൂടി ഉൾപ്പെടുത്തി കൊണ്ട് നികുതി ചോർച്ച തടയുന്നതിനുള്ള പദ്ധതികളും സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. ജി.എസ്.ടിക്കു മുൻപുള്ള നിയമങ്ങളിന്മേലുള്ള നികുതി കുടിശ്ശിക പിരിക്കുന്നതിനായി ആംനസ്റ്റി പദ്ധതികളും സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | പരിശീലനം നേടിയ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ജി.എസ്.ടി. ഓഡിറ്റ് സംവിധാനം കുറ്റമറ്റതാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ജി.എസ്.ടി. നിയമത്തിൽ നികുതി പിരിവ് ഏറ്റവും കാര്യക്ഷമമായി ഉറപ്പുവരുത്തുന്നത് ഓഡിറ്റ് സംവിധാനമാണ്. വകുപ്പിന്റെ പുനഃസംഘടനയിൽ ജി.എസ്.ടി. നിയമപ്രകാരമുള്ള ഓഡിറ്റിന് വലിയ പ്രാധാന്യം നൽകിയിട്ടുണ്ട്. ഉദ്യോഗസ്ഥർക്ക് അതിനു വേണ്ട പരിശീലന പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. വിദഗ്ധരുടെ സഹായത്തോടെ വിശദമായ പരിശീലനത്തിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ജി. എസ്. ടി. സമ്പ്രദായത്തിൽ നികുതി പിരിവിനായി പുതിയ സർവീസ് മേഖലകൾ തുറന്നു തന്നിട്ടും അത് ഉപയോഗപ്പെടുത്താൻ തയ്യാറായിട്ടില്ല എന്നത് വസ്തുതയാണോ; | (സി) | സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിനെ സംബന്ധിച്ച് സേവന മേഖല ഒരു പുതിയ മേഖല ആണെങ്കിലും ടി മേഖലയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനങ്ങൾ നൽകുകയും ഇതുവഴി സേവന മേഖലയിലെ നികുതി പിരിവുമായി ബന്ധപ്പെട്ട് കാര്യക്ഷമമായ പ്രവർത്തനം നടത്തുന്നതിന് |

| | | | |
|---|---|---|---|
| | | | വകുപ്പിനെ പ്രാപ്തമാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. വകുപ്പിലെ ഇൻവെസ്റ്റിഗേഷൻ വിഭാഗം ഈ മേഖലയിൽ വലിയ രീതിയിലുള്ള നികുതി വെട്ടിപ്പുകൾ കണ്ടെത്തി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | സർവീസ് മേഖലയിൽ നിന്നും നികുതി പിരിവ് കൂടുതൽ കാര്യക്ഷമമാക്കാൻ പദ്ധതികൾ ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | സർവീസ് മേഖലയുമായി ബന്ധപ്പെട്ട് നികുതി വെട്ടിപ്പ് തടയുന്നതിനായി വകുപ്പിലെ ഇൻവെസ്റ്റിഗേഷൻ വിഭാഗം കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇന്റലിജൻസ്, ഓഡിറ്റ് വിഭാഗങ്ങൾ ശക്തിപ്പെടുത്തിയും ഉദ്യോഗസ്ഥർക്ക് കൂടുതൽ വിശദമായ പരിശീലനം നൽകിയും ഈ മേഖലയിൽ നിന്നുള്ള നികുതി വരുമാനം വർധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ